# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1549 — 11.02.2013-ൽ മറുപടിയ്ക്ക്

## പത്മ പുരസ്കാരങ്ങൾ നൽകുന്നതിന്റെ മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പത്മ പുരസ്കാരങ്ങൾക്ക് പേര് നിർദ്ദേശിക്കുന്നതിന് കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | അനുബന്ധമായി മാനദണ്ഡങ്ങൾ ചേർത്തിരിക്കുന്നു. (അനുബന്ധം 1) |
| (ബി) | ഈ പുരസ്കാരങ്ങൾക്കായി സംസ്ഥാന പട്ടിക തയ്യാറാക്കിയ രീതി വെളിപ്പെടുത്താമോ; | (ബി) & (സി) | മാനദണ്ഡങ്ങൾ അനുസരിച്ച് ശുപാർശ ചെയ്യേണ്ട പേരുകൾ തീരുമാനിക്കുവാനായി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി കൺവീനറും ബഹു. ജലവിഭവ വകുപ്പുമന്ത്രി, ബഹു. പട്ടികജാതി-പിന്നാക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി എന്നിവർ മെംബർമാരും, ചീഫ് സെക്രട്ടറി സെക്രട്ടറിയായും ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിക്കുകയും 46 പേരുടെ പേരുവിവരങ്ങൾ ഈ വർഷത്തെ പത്മ അവാർഡിനു പരിഗണിക്കുവാൻവേണ്ടി കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.<br>ശുപാർശ ചെയ്തവരുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാന സർക്കാർ ഏതൊക്കെ മേഖലകളിൽ നിന്ന് ആരുടെയൊക്കെ പേരുകളാണ് പത്മ പുരസ്കാരങ്ങൾക്കായി നിർദ്ദേശിച്ചത്; പേരുകൾ നിർദ്ദേശിച്ചതിന്റെ മാനദണ്ഡങ്ങൾ എന്താണ്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി). | നിർദ്ദേശിക്കപ്പെട്ട ഓരോ പേരുകൾക്കും നൽകിയ ശുപാർശക്കത്തിന്റെ പകർപ്പുകൾ നൽകുമോ; | (ഡി) | കേന്ദ്രസർക്കാരിന് നൽകിയ ശുപാർശകത്തുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഈ പുരസ്കാരങ്ങൾക്ക് ശുപാർശ സമർപ്പിക്കുന്നതിന് കേന്ദ്രം നിഷ്കർഷിച്ച തീയതിയും, സംസ്ഥാനം ശുപാർശകൾ സമർപ്പിച്ച തീയതിയും വെളിപ്പെടുത്താമോ? | (ഇ) | കേന്ദ്രം ആദ്യം നിഷ്കർഷിച്ച തീയതി - ഒക്ടോബർ 1, 2012 ആയിരുന്നു. തുടർന്ന് നിഷ്കർഷിച്ച തീയതി - നവംബർ 20, 2012.<br><br>സംസ്ഥാനം ശുപാർശകൾ സമർപ്പിച്ച തീയതികൾ - ഒക്ടോബർ 12-ന് 39 പേരുടെ ലിസ്റ്റും ഒക്ടോബർ 18-ന് മൂന്നു പേരുടെ ലിസ്റ്റും ഡിസംബർ 26-ന് നാല് പേരുടെ ലിസ്റ്റും സമർപ്പിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**